## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *230 | 10.10.2011-ലെ മറുപടിക്ക് |
|---|---|

### മാനസികാരോഗ്യ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ സാജു പോൾ<br>ശ്രീ.കെ. രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) മാനസികാരോഗ്യ നയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | എ) മാനസികാരോഗ്യ നയത്തിലെ ലക്ഷ്യങ്ങൾ ഭാഗികമായി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് |
| ബി) ഇതിനായി മാനസികാരോഗ്യ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ; | ബി) ഇതിനായി പ്രത്യേക മാനസികാരോഗ്യ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടില്ല. |
| സി)മനോരോഗികളെ തിരിച്ചറിയാനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; | സി) ഇത്തരം ഒരു സർവ്വേ നടത്തിയിട്ടില്ല |
| ഡി) മനോരോഗികളുടെയും സുഖം പ്രാപിച്ച രോഗികളുടെയും പുനരധിവാസ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) ഇതിനായി നടപ്പിലാക്കിയ പരിപാടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മനോരോഗികൾക്കും സുഖം പ്രാപിച്ച രോഗികൾക്കും ആവശ്യമായ ചികിൽസ സൗജന്യമായി നൽകി അവരെ ഗൃഹാന്തരീക്ഷത്തിലും സമൂഹത്തിലും തന്നെ പുനഃരധിവസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളാണ് ജില്ലാ മാനസികാരോഗ്യ പരിപാടിയുടേയും സാമൂഹിക മാനസികാരോഗ്യ പരിപാടിയുടേയും ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം രോഗികൾക്കു വേണ്ടിയുള്ള ഒരു ഡേകെയർ ഹോം തിരുവനന്തപുരം കഴക്കൂട്ടത്തും കോഴിക്കോട് ഫറൂക്കിലും പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ, ബാലുശ്ശേരി, ഉള്ളിയേരി എന്നീ സ്ഥലങ്ങളിൽ സുഖം പ്രാപിച്ച മനോരോഗികൾക്കുള്ള ഡേ കെയർ സെന്റർ പ്രവർത്തിച്ചു വരുന്നു. സുഖം പ്രാപിച്ച മനോരോഗികൾക്കായി തിരുവനന്തപുരത്ത് പകൽ വീട് എന്ന പേരിലും, തൃശ്ശൂരിൽ ഒരു ഡേ കെയർ സെന്ററും പ്രവർത്തിക്കുന്നു. പുരുഷന്മാർക്ക് വേണ്ടി തിരുവനന്തപുരം നെല്ലനാട് ഗ്രാമപ്പഞ്ചായത്തിലും സ്ത്രീകൾക്കു വേണ്ടി തിരുവനന്തപുരം തച്ചോട്ടുകാവിൽ അഭയയിലും ഓരോ കെയർ ഹോം പ്രവർത്തിച്ചു വരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ആശ ഭവനുകളിൽ രോഗവിമുക്തി നേടിയ മനോരോഗികളെ പുനരധിവസിപ്പിക്കുന്നുണ്ട്.